# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:3651/2010/L

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
03/06/2026

## സർക്കുലർ

**വിഷയം:-**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ **'ദേവാരണ്യം പദ്ധതി'** നടപ്പിലാക്കുന്നത് സംബന്ധിച്ച്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്ര ഭൂമികളിൽ **'ദേവാരണ്യം പദ്ധതി'** നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഉള്ളൂർ ഗ്രൂപ്പിനു കീഴിലുള്ള പേരൂർ ദേവസ്വത്തിൽ വച്ച് പരിസ്ഥിതി ദിനമായ **ജൂൺ-5-ന്** ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രി ശ്രീ.കെ.മുരളീധരൻ നിർവഹിക്കുന്നതുമാണ്. ഒരു വർഷം കൊണ്ട് ചെടികളുടെയും വൃക്ഷങ്ങളുടെയും ഒരു ലക്ഷം തൈ നട്ടുപിടിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

അപ്രകാരം, പരിസ്ഥിതി ദിനമായ **ജൂൺ-5-ന്** ഭക്തജനങ്ങളുടെയും, ഉപദേശകസമിതിയുടെയും പങ്കാളിത്തത്തോടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എല്ലാ ക്ഷേത്ര ഭൂമികളിലും പ്രസ്തുത പദ്ധതി ആരംഭിക്കേണ്ടതും **പൂജാപുഷ്പങ്ങൾക്ക് വേണ്ടിയുള്ള ചെടികൾ, ഫലവൃക്ഷങ്ങൾ, ഘനവൃക്ഷങ്ങൾ, ജന്മനക്ഷത്ര വൃക്ഷങ്ങൾ** ഉൾപ്പെടെയുള്ളവ പരമാവധി നട്ട് പിടിപ്പിക്കേണ്ടതും, ആയത് വേണ്ട വിധം പരിപാലിക്കുന്നതിനും, ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധപുലർത്തേണ്ടതുമാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ് : എല്ലാ ഓഫീസ് മേധാവികൾക്കും